DiST
Timeless Values Timely Vision
MAY - JUNE 2017

The INFORMER
Vol: V
Issue: 1

A Laboratory Newspaper of De Paul School of Media and Communication, DiST Angamaly

# സ്ത്രീ സംരംഭകപദ്ധതിയ്ക്ക് പുതിയ സംവിധാനങ്ങളുമായി അങ്കമാലി

### സംരംഭകർക്ക് വുമൺ അപ്പാരൽ പാർക്ക്

**മഞ്ജുഷ പി.കെ**

അങ്കമാലി: കേരളസംസ്ഥാന-വ്യവസായ -വികസനകോർപ്പറേഷൻ സ്ത്രീസംരംഭകപദ്ധതിയ്ക്ക് ശേഷം നടപ്പിലാക്കുന്ന പുതിയ സംവിധാനമായ വുമൺ അപ്പാരൽ പാർക്ക് [വീ സ്പേസ്] വ്യവസായ മന്ത്രി എ.സി. മൊയ്തീൻ അങ്കമാലി ഇൻകെൽ ടവറിൽ വെച്ച് ഉദ്ഘാടനം ചെയ്തു.42,228 ചതുരശ്രയടി വരുന്ന ഈ പാർക്ക് ഇൻകെൽ ടവറിന്റെ ഒന്നാം നിലയിലാണ് ഒരുക്കിയിരിക്കുന്നത്. സ്ത്രീ സംരംഭകരേയും അവരുടെ നിക്ഷേപങ്ങളേയും വർദ്ധിപ്പിക്കുവാനായുള്ള വൈവിധ്യസംവിധാനങ്ങളും സൗകര്യങ്ങളുമാണ് ഈ പാർക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് സംസ്ഥാനത്ത് വ്യവസായ വികസനത്തിലേക്കുള്ള സ്ത്രീ കൂട്ടായ്മയുടെ പുതിയചുവടുവെപ്പുകൂടിയാണ്.പരമ്പരാഗതവ്യവസായത്തെക്കുറിച്ച് അതിന്റെ പരിമിതികളെകുറിച്ചും മന്ത്രി എ.സി.മൊയ്തീൻ സംസാരിച്ചു.ചെറുകിടവ്യവസായങ്ങളും വൻകിടവ്യവസായങ്ങളും അതിനോടൊപ്പം തന്നെ പരമ്പരാഗതവ്യവസായങ്ങൾകൂടി വികസിച്ചാൽ മാത്രമേ സമൂഹികവികസനം സാധ്യമാകുകയുള്ളു എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അങ്കമാലി എം.എൽ.എ റോജി എം.ജോൺ ചടങ്ങിൽ അദ്ധ്യക്ഷനായി . മുനിസിപ്പൽ വൈസ് ചെയർമാൻ സജി വർഗ്ഗീസ് , മുനിസിപ്പൽ ചെയർപേഴ്സൺ എം.എ ഗ്രേസി,കെ.സി.ഐ.ഡി.സി ചെയർമാൻ ക്രിസ്റ്റി ഫെർണാണ്ടസ്ഐ.എ.എസ്, കെ.സി.ഐ.ഡി.സി ജനറൽ മനേജർ കെ.ജി.അജിത്ത് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



വുമൺ അപ്പാരൽ പാർക്ക് വ്യവസായ മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു. മഞ്ജുഷ പി.കെ

## ട്രാഫിക് സിഗ്നൽ കാഴ്ച്ചയ്ക്കു മാത്രമോ?



കാലടി ജംഗ്ഷനിലെ പ്രവർത്തനരഹിതമായ സിഗ്നൽ.

കാലടി:കാലടി ശ്രീശങ്കരാചാര്യ പാലത്തിനു സമീപത്തുള്ള നാൽക്കവലയിൽ ട്രാഫിക് സിഗ്നൽ ബോർഡുകൾ പ്രവർത്തനരഹിതമായിട്ടു നാളുകളാകുന്നു . അങ്കമാലി - പെരുമ്പാവൂർ, കാഞ്ഞൂർ - മഞ്ഞപ്ര തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ബോർഡുകൾ പ്രവർത്തിക്കാത്തതിനാൽ ഗതാഗതക്കുരുക്ക് സ്വാഭാവികമായ കാഴ്ചയായി മാറിയിരിക്കുകയാണ് . ദിനംപ്രതി ഒട്ടനവധി വാഹനങ്ങളാണ് ഈ ജംഗ്ഷനിലൂടെ കടന്നു പോകുന്നത് .സുഗമമായ ഗതാഗതത്തെ ബാധിക്കുന്നതിനോടൊപ്പം തന്നെ വളരെ വലിയ അപകടസാധ്യതകളാണ് ഇത് ഉയർത്തുന്നത് .എന്നാൽ അധികൃതർ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നത് വാസ്തവമാണ്.എന്തെങ്കിലും നടപടി ഉടനെ നടപ്പാക്കുമെന്ന പ്രതീക്ഷയിലാണ് പ്രദേശവാസികൾ .

**ഡോണ മരിയ ജോർജ്**

## അവഗണിക്കരുത് ഈ വെള്ളക്കെട്ട്

**നിത വർഗ്ഗീസ്**

കളമശ്ശേരി: കൊച്ചിയുടെ സ്വപ്നപദ്ധതിയായ മെട്രോറെയിലിന്റെ വിജയക്കുതിപ്പിനായുള്ള അവസാന മിനുക്കുപണികൾ അതിവേഗം പുരോഗമിക്കുമ്പോൾ,നിരത്തിലൂടെ ഓടുന്ന ഇരുചക്രവാഹനക്കാരുടെ ജീവനു ഭീഷണിയാവുന്ന നിലയിൽ അപകടക്കെണികൾ പതിയിരിക്കുന്നു. മഴപെയ്യുമ്പോൾ മെട്രോയുടെ പാലങ്ങളിൽ വെള്ളക്കെട്ടു രൂപപ്പെടുകയും ഈ കെട്ടിനിൽക്കുന്ന വെള്ളം മഴക്കുശേഷവും പാലങ്ങളുടെ വശങ്ങളിലുള്ള വിടവുകളിലൂടെ റോഡിലേക്കു പതിക്കുകയുംചെയ്യുന്നു. ഇത്തരത്തിൽവെള്ളം റോഡിലേക്കു പതിക്കുമ്പോൾ അത് ദേഹത്തു വീഴാതിരിക്കാൻ ഇരുചക്രവാഹനങ്ങൾ വശങ്ങളിലേക്കു വെട്ടിച്ചുമാറ്റുന്നത് പതിവാണ്.ഇതു വാഹനങ്ങൾ കൂട്ടിമുട്ടുന്നതിനും നിരവധി അപകടങ്ങൾക്കും കാരണമാവുന്നു.25.612 കി.മിനീളം വരുന്ന റെയിൽ, ദേശീയപാത ഉൾപ്പടെയുള്ള തിരക്കേറിയ റോഡുകൾക്കു മുകളിലൂടെയാണ് കടന്നുപോകുന്നത്.ദിവസവും ലക്ഷക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ഈ വഴികളിൽ അപകടങ്ങൾ ഒഴിവാകുന്നത് തലനാരിഴക്കാണ്. മെട്രോയുടെ പണികളോടനുബന്ധിച്ച് ഗതാഗത കുരുക്കും പൊടിശല്യവും രൂക്ഷമാവുന്നു എന്ന പരാതി നിലനിൽക്കെതന്നെയാണ് വേനൽമഴയോട് അനുബന്ധിച്ചു നേരിടേണ്ടി വരുന്ന ഈ ദുരിതം.വേനലിൽ ഇങ്ങനെയാണങ്കിൽ മഴക്കാലത്തു പ്രശ്നം രൂക്ഷമാവാനാണു സാധ്യത. വളരെലളിതമായി പരിഹരിക്കപ്പെടാവുന്ന ഈ പ്രശ്നം മെട്രോറെയിലിന്റെ തിരക്കിട്ട പ്രവർത്തനങ്ങൾക്കിടയിൽ വിസ്മരിക്കപ്പെട്ടു പോവുകയാണ്.


കടപ്പാട്:ഇന്റർനെറ്റ്

## അപകടക്കെണിയൊരുക്കി വ്യക്തതയില്ലാത്ത സീബ്രാലൈനുകൾ

അങ്കമാലി : അങ്കമാലി-ആലുവ NH 47ദേശീയപാതയിൽ ടെൽകിനു സമീപത്തായുള്ള സീബ്രാ ലൈനുകൾ മാഞ്ഞുപോയി കൊണ്ടിരിക്കുകയാണ്.ഈ പ്രദേശത്ത് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളതിനാൽ അധ്യാപകരും വിദ്യാർത്ഥികളുമടക്കം നിരവധി ആളുകളാണ് ദിനംപ്രതി ഈ സീബ്രാലൈനിലൂടെ റോഡ് മുറിച്ചു കടക്കുന്നത്.എറണാകുളത്തേക്കുള്ള ദേശീയപാതയായതിനാൽ വാഹനങ്ങളുടെ അതിപ്രസരവും അമിതവേഗവും കാൽനട യാത്രക്കാരെ ബുദ്ധിമുട്ടിലാക്കുന്നു. അങ്കമാലിയുടെ ഹൃദയഭാഗത്തുള്ള ബാങ്ക് ജംഗ്ഷനിലെ സ്ഥിതിയും മറ്റൊന്നല്ല. കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കാൻ മണിക്കൂറുകൾ കാത്തുനിൽക്കേണ്ട അവസ്ഥയാണ്: സീബ്രാലൈനുകൾക്ക് ആവശ്യത്തിന് വ്യക്തതയില്ലാത്തതും അപകടസാധ്യത വർധിപ്പിക്കുന്നു. ബാങ്ക് ജംഗ്ഷനിൽ നിന്ന് കാലടി റോഡിലേയ്ക്ക് എളുപ്പവഴിയുള്ളതിനാൽ വലിയ വാഹനങ്ങളുൾപ്പെടെ ഈ മാർഗ്ഗമാണ് സ്വീകരിക്കുന്നത്. ഇതോടൊപ്പം അങ്കമാലി സെന്റ്.ജോർജ്ജ് ബസിലിക്കയിലേയ്ക്കുള്ള വാഹനങ്ങളും ഈ പ്രദേശത്തെ തിരക്ക് വർധിപ്പിക്കുന്നു. കാൽനടയാത്രക്കാർക്ക് പൂർണ്ണമായിഅവകാശപ്പെട്ട സീബ്രാലൈനുകൾഉണ്ടായിട്ടുപോലും പല വാഹനങ്ങളും നിർത്താൻ തയ്യാറാകുന്നില്ല. എപ്പോഴും വലിയതോതിൽ തിരക്ക് അനുഭവപ്പെടുന്ന മേഖലയായിട്ടുകൂടി അധികാരികൾ വേണ്ട നടപടി സ്വികരിക്കുന്നില്ല;പോലീസിന്റെയും ബന്ധപ്പെട്ട അധികൃതരുടെയും അനാസ്ഥയാണ് ഇവിടെ വ്യക്തമാകുന്നത്.തിരക്കേറിയ സമയങ്ങളായ രാവിലെയും വൈകുന്നേരവും ഈ പരിസരത്ത് വാഹനങ്ങൾ നിയന്ത്രിക്കുകയും അതോടൊപ്പം മാഞ്ഞുപോയ സീബ്രാലൈനുകൾ വേണ്ട വിധത്തിൽ പുന:സൃഷ്ടിക്കുകയും ചെയ്യണമെന്ന ആവശ്യവും ശക്തമാണ്.


ടെൽക്കിനു സമീപത്തായുള്ള മാഞ്ഞുപോയ സീബ്രാലൈൻ

**റ്റോസിൻ റ്റോം**

The INഫോർMER

May - June, 2017

# മാറി ചിന്തിക്കാൻ ഒരു ദിനം

ഏപ്രിൽ 26 ഹോൺ വിരുദ്ധ ദിനം.മലയാളിയുടെ ഡ്രൈവിംഗ് സംസ്കാരത്തെ അൽപ്പമെങ്കിലും മാറ്റിയെടുക്കാൻ പറ്റുമോയെന്നറിയാൻ ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും പൊലീസ്,മോട്ടോർ വാഹന ടൂറിസം വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്നതാണ് ഹോൺ വിരുദ്ധദിനാചരണം.പൊതുനിരത്തിൽ വാഹനവുമായി ഇറങ്ങുന്നവർ, പ്രത്യേകിച്ച് മലയാളികൾ ഹോൺ എന്നാൽ ആവശ്യത്തിനും അനാവശ്യത്തിനും കൂടെ കുറച്ച് അലങ്കാരത്തിനും ഉപയോഗിക്കുന്നവരാണ്.കേരളത്തിലെ നിരത്തുകളിലെ ഹോണടികൾ പലതരം അർത്ഥങ്ങൾ തരുന്ന സംസ്കാരങ്ങളായി പലപ്പോഴും തോന്നിപ്പോവുന്നു.പച്ച സിഗ്നൽ കത്തുമ്പോൾ മുന്നിൽ നിൽക്കുന്ന വണ്ടിക്കാരനോട് വേഗം പോകാൻ പറയുന്നവ,അൽപം താമസിച്ചാൽ ശബ്ദരൂപത്തിൽ അസഭ്യവർഷം നടത്തുന്നവ,പരിചയക്കാരനെ കാണുമ്പോൾ പരിചയം പുതുക്കുന്ന ഹോൺ ശബ്ദങ്ങൾ,പിന്നെ ന്യൂജനറേഷൻ കുട്ടികളുടെ വക അസഹ്യമായ ചില ഹോണുകൾ..അങ്ങനെ ഒന്ന് റോഡിലിറങ്ങി വീട്ടിൽ തിരിച്ചെത്തുമ്പോഴേക്കും ചെവിയെ താറുമാറാക്കുന്ന ശബ്ദകോലാഹലങ്ങൾ നിറഞ്ഞ അന്തരീക്ഷം.

അമിത രക്തസമ്മർദ്ദം, ഹൃദ്രോഗം,കേൾവി ശക്തി നഷ്ടപ്പെടുക,പലതരത്തിലുള്ള മാനസിക പ്രശ്നങ്ങൾ,ഗർഭിണികളായ സ്ത്രീകൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ,വിദ്യാർത്ഥികളിലെ പഠനവൈകല്യങ്ങൾ തുടങ്ങിയ മാരക പ്രശ്നങ്ങൾ ഈ ആവശ്യമില്ലാത്ത ഹോൺ മുഴക്കൽ സമ്മാനിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുമ്പോഴും മലയാളിക്ക് ഇതൊന്നും ഒരു പ്രശ്നമേയല്ല!

നാടുവിട്ട് മറ്റ് രാജ്യങ്ങളിലേക്ക് പറക്കാൻ കൊതിക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ളവർ അവിടെ എത്തുമ്പോൾ നല്ലവരാകും.കാരണം മറ്റൊന്നുമല്ല, ഇംഗ്ലണ്ട് പോലെയുള്ള രാജ്യങ്ങളിൽ പരിചയം പുതുക്കാനും ചീത്ത വിളിക്കാനും ഹോണുപയോഗിച്ചാൽ പണികിട്ടും.30 പൗണ്ടോ അതിലധികമോ ആകാം പിഴ.രാത്രി 11.30 മുതൽ രാവിലെ 7 വരെ ജനവാസകേന്ദ്രങ്ങളിലെ ഹോൺ ഉപയോഗം പിഴ വർധിപ്പിക്കും.അതുകൊണ്ട് ഇവിടുത്തെ ഹോണടി സംസ്കാരം അവിടെ ചെന്നെടുത്താൽ ഇവിടുത്തെ പതിനായിരങ്ങൾ അടക്കേണ്ടി വരും പിഴയായിട്ട്.ആർക്കെങ്കിലും ഹോൺ മുഴക്കിയതു മൂലം ശല്യമുണ്ടായാൽ അതിനെതിരെ കോടതിയെ സമീപിക്കാനും നിയമമുണ്ടവിടെ.വിധി അനുകൂലമായാൽ പിഴ ഇരട്ടിയാവും.അവിടെ ചെന്നാൽ മലയാളിക്ക് നിയമം അനുസരിക്കാൻ ഒരു മടിയും ഇല്ല! ഇതൊക്കെ ഇവിടെ നിലവിൽ വന്നാൽ രാഷ്ട്രീയക്കാർക്ക് പണികൂടും.കാരണം മുകളിൽ നിന്നുള്ള വിളികൾ ഒരുപാട് വേണ്ടിവരും.അത്രയ്ക്കേ ഉള്ളു ഇവിടുത്തെ നിയമത്തിന്റെ വില എന്ന് ചുരുക്കം.

അതുകൊണ്ട് ഇതുപോലെയുള്ള ദിവസങ്ങളിലെങ്കിലും ഒന്ന് മാറി ചിന്തിച്ചാൽ അനാവശ്യ ഹോൺ ശബ്ദങ്ങൾ ഒഴിവാക്കി,നിയമങ്ങൾ പാലിച്ച് പൊതുനിരത്തിൽ പെരുമാറാൻ ശ്രമിക്കുക.വെറും ആചരണങ്ങൾ മാത്രമാക്കി ഒതുക്കരുത്; ആചരണങ്ങളിൽ മാത്രം ഓർക്കുകയും അരുത്. നമ്മുടെ ഓരോരുത്തരുടേയും കടമയായി കാണണം.

## CARTOON




# അവൾ ഇനിയും മരിച്ചിട്ടില്ല

**ശിവാനന്ദ് സി.വി**

അവൾ ഇനിയും മരിച്ചിട്ടില്ല,ഒരിത്തിരി ശ്വാസം കൂടി ബാക്കിയുണ്ട്.അതുകൂടി എടുക്കരുത്.അതിന് ശ്രമിച്ചാൽ അത് അവനവന്റെ തന്നെ കുഴികുത്തലായിത്തീരും.ഇത് പറയുന്നത് മറ്റാരോടുമല്ല,നമ്മളോട് തന്നെയാണ്.ഞാനെന്ന ഭാവം പേറി നടക്കുന്ന ആധുനിക മനുഷ്യനോട്,ഭൂമിയെ ശവപ്പറമ്പിലേയ്ക്ക് തള്ളിവിടുന്ന മാനവരാശിയോട്.മാറ്റം വന്നുകൊണ്ടിരിക്കുന്ന നമ്മുടെ ജീവിതശൈലികളോട് പൊരുത്തപ്പെടാൻ ഭൂമി പെടാപ്പാട് പെടുകയാണ്.ഇത് ഭൂമിയുയേടേയും മനുഷ്യന്റേയും ആരോഗ്യത്തെ ഒരുപോലെ ദോഷകരമായിബാധിക്കുന്നു.

മേലനങ്ങാതെ കാര്യം സാധിക്കാൻ മനുഷ്യൻ ആഗ്രഹിച്ചപ്പോൾ അതിനായി അവൻ എളുപ്പവഴികളും കണ്ടെത്തി.അതിന്റെ ഫലമായാണ് നാം ഇന്ന് കൊടും ചൂടും ജലദൗർലഭ്യതയും പലതരം ആരോഗ്യപ്രശ്നങ്ങളും നേരിടേണ്ടിവരുന്നത്.അടിമുടി മാറ്റങ്ങളുമായി സാങ്കേതികവിദ്യ കടന്നു വന്നതോടെ നേട്ടങ്ങൾക്കൊപ്പം പ്രകൃതിയ്ക്ക് കോട്ടങ്ങളും വന്നു,മലപോലെ കുന്നുകൂടുന്ന മാലിന്യവസ്തുക്കളും കൂടിയായപ്പോൾ അത് മാനവരാശിയ്ക്ക് ഉയർത്തുന്ന വെല്ലുവിളികൾ കുറച്ചൊന്നുമല്ല.

പൊള്ളുന്ന ചൂടാണ്.അസുഖങ്ങൾ പലരൂപത്തിലുമെത്താം.ശരീരത്തിന് ഒരു പരിധിയിൽ കവിഞ്ഞ താപം താങ്ങാനാവില്ലെന്നത് തന്നെ കാരണം.നേരം പുലരുമ്പോൾ നമ്മെ തേടിയെത്തുന്ന തണുത്ത കാറ്റ് നിമിഷങ്ങൾക്കകം ചൂട്കാറ്റായി മാറുന്നതിന്റെ കാരണം നാം ഓരോരുത്തരുമാണ്.ആളൊഴിഞ്ഞ റോഡുകളും വെള്ളമില്ലാത്ത പുഴകളും കുളങ്ങളും കിണറുകളും നമ്മുടെ സംഭാവനയാണെന്ന് പറഞ്ഞ് അഭിമാനിക്കാം.വീട്ടിലെ എ.സിയുടേയോ ഫാനിന്റേയോ അടിയിൽപ്പോലും നമുക്ക് ആശ്വാസം ലഭിക്കുന്നില്ല. വെയിൽ ചൂടോളംപോന്ന ജീവിതച്ചൂട് അറിയുന്നവർ മാത്രം മറ്റ് വഴികളില്ലാതെ പുറത്തിറങ്ങുന്നു.ദാഹവും ക്ഷീണവും ഞൊടിയിടയിൽ മനുഷ്യശരീരത്തെ പിടികൂടുന്നതിനു കാരണവും മറ്റൊന്നല്ല, പ്രകൃതിയ്ക്ക്മേൽ മനുഷ്യൻ നടത്തിയ ബലാൽക്കാരം തന്നെ!

വേനൽക്കാലത്തിന് ഒരു പ്രത്യേകതയുണ്ട്- പകലിന് ദൈർഘ്യം കൂടുതലും രാത്രിയ്ക്ക് നീളം കുറവുമായിരിക്കും.ഇതിൽനിന്ന് ഒരുകാര്യം വ്യക്തമാണ്,സൂര്യന്റെ കീഴിലാണ് നാം കൂടുതൽ സമയവും ചിലവഴിക്കേണ്ടത്,ആ വെല്ലുവിളിയെ നേരിടാൻ നാം സജ്ജരാവേണ്ടതുണ്ട്.കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും നമ്മൾ ശ്രദ്ധിക്കാനുള്ളത് നമ്മൾ തന്നെ ശ്രദ്ധിക്കണം.. അടുത്ത മൂന്ന് വർഷങ്ങൾ കഴിയുമ്പോഴേക്ക് മഹാസമുദ്രങ്ങളിൽ മത്സ്യസമ്പത്തിന് പകരം മാലിന്യ സമ്പത്താവും ഉണ്ടാവുകയെന്ന ആഗോള സാമ്പത്തിക ഉച്ചകോടിയുടെ റിപ്പോർട്ട് ശരിയായാലും അത്ഭുതപ്പെടാനില്ല.സർക്കാർ മാലിന്യ സംസ്ക്കരണപ്ലാന്റോ മറ്റ് മാർഗ്ഗങ്ങളോ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. പ്രകൃതിയിൽ നിന്ന് നാം നേരിടുന്ന വെല്ലുവിളികളെല്ലാം തന്നെ പരസ്പര ബന്ധിതമാണ്.എല്ലാത്തിന്റേയും കാരണം വനനശീകരണമോ പ്ലാസ്റ്റിക്കിന്റെ ഉപയോഗമോ മാലിന്യ പ്രശ്നങ്ങളോ ഒക്കെത്തന്നെയാണ്.ജലദൗർലഭ്യവും വരണ്ടകാറ്റും നനവില്ലാത്ത മണ്ണും ഇന്നൊരു ദു:സ്വപ്നമാണ്,ഉടൻ യാത്ഥാർത്ഥ്യമായേക്കാവുന്ന ഒന്ന്.പുരാതന മനുഷ്യൻ നഗരവത്ക്കരണത്തിന് ചുക്കാൻ പിടിച്ചിരുന്നെങ്കിലും പുത്തൻ ശൈലികളോട് യാത്രപറയാൻ അവനും ആഗ്രഹിച്ചിരുന്നു.

തണുത്താലും കിടുകിടുക്കില്ല
വെയിലേറ്റാലും വാടില്ല
ഹാ എത്ര സുന്ദരം കേരളം!
കഴിഞ്ഞു ആ മോഹനകാലം

എല്ലാത്തിന്റേയും അവസാനം മുന്നോട്ട് നോക്കുമ്പോൾ അശുഭം എന്നൊരു ബോർഡ് മാത്രം!!അവൾ ഇനിയും മരിച്ചിട്ടില്ല.. ഓർക്കണം..ഓർത്താൽ നന്ന്!!

### മുൻകരുതലുകൾ

- ഫാസ്റ്റ് ആക്കാൻ ഫാസ്റ്റ് ഫുഡ് കഴിക്കുന്നതിന് പകരം സമീകൃതാഹാരം ശീലിക്കുക.
- മസാല ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ കഴിവതും ഒഴിവാക്കുക,ഒപ്പം വെളുത്തുള്ളി,കുരുമുളക്,ജീരകം എന്നിവയുടെ ഉപയോഗം കുറയ്ക്കുക
- തണുത്ത ശീതള പാനീയങ്ങൾക്ക് പകരം സംഭാരം,കരിക്കിൻ വെള്ളം എന്നിവയുപയോഗിക്കുക.
- തണുപ്പിച്ചാറിയ വെള്ളം കഴിവതും കുടിക്കാൻ ശ്രദ്ധിക്കുക
- ഈ വേനൽക്കാലത്ത് മാംസാഹാരങ്ങൾ പരമാവധി കുറയ്ക്കുക,കാരണം അത് ശരീരതാപനില കൂട്ടുകയും ദഹനവേഗത കുറയ്ക്കുകയും ചെയ്യും.
- പച്ചക്കറികളും സാലഡുകളും കൂടുതലായ് ഉപയോഗിക്കുക.
- ചീര,മുരിങ്ങ തുടങ്ങിയ ഇലക്കറികൾ പരമാവധി കഴിക്കുക.
- ദിവസവും തല നന്നായി തണുപ്പിക്കണം,കഴിയുമെങ്കിൽ രണ്ട് നേരവും കുളിയ്ക്കുക.എണ്ണ തേച്ചുള്ള കുളി ശരീരത്തിന് കുളിർമ്മ നൽകും.
- കിടക്കാൻ വായുസഞ്ചാരമുള്ള മുറികൾ ഉപയോഗിക്കുക.
- ചൂടുകാലത്ത് അയവുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കാൻ ശ്രദ്ധിക്കണം

# ബാംബൂ ഹൗസ് സമൂഹത്തിന് മാതൃകയാകുന്നു

**റ്റോസിൻ റ്റോം**

അങ്കമാലി:കേരളസ്റ്റേറ്റ് ബാംബൂ കോർപറേഷന്റെ കീഴിൽ അങ്കമാലി റയിൽവേ സ്റ്റേഷനു സമീപത്തായി പ്രവർത്തിച്ചു വരുന്ന ബാംബൂ ഹൗസ് എന്ന സ്ഥാപനം ഇന്നത്തെ സമൂഹത്തിന് മാതൃകയായിമാറികൊണ്ടിരിക്കുകയാണ്.ഒരു വീട് നിർമ്മിക്കുവാനും അതിലേക്കാവശ്യമായ വസ്തുക്കൾ കുറഞ്ഞ ചിലവിൽ രൂപപ്പെടുത്തിയെടുക്കുവാനും മുള എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് കാണിച്ചു തരികയാണ് അങ്കമാലിയിലെഈ സ്ഥാപനം.

350 സ്ക്വയർ ഫീറ്റിൽ മുള ഉപയോഗിച്ച് ഒരു വീടിന്റെ മാതൃകയിൽ പണികഴിപ്പിച്ച ഈ സ്ഥാപനം വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു.ആഗോളതാപനവും കാലവസസ്ഥാ വ്യതിയാനവും മറ്റ് ആരോഗ്യ പ്രശ്നങ്ങളുമെല്ലാം ഒരു പരിധിവരെ മുളപോലെയുള്ള പ്രകൃതി വിഭവങ്ങളുടെ ഉപയോഗം കൊണ്ട് ചെറുക്കാൻ സാധിക്കുമെന്ന് ബാംബൂ ഹൗസ് സെയിൽസ് സ്റ്റാഫും അങ്കമാലി സ്വദേശിയുമായ ശ്രീ.ചെറിയാക്കു പറഞ്ഞു.

രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിൽ കോഴിക്കോട് നല്ലളം ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന ഹൈടെക് ബാംബൂഫളോറിംഗ് ടൈൽ ഫാക്ടറിയിൽ നിന്നാണ് ഉൽപ്പന്നങ്ങൾ നിർമ്മിച്ചു കൊടുക്കുന്നത്.ഒരു വീട്ടിലേയ്ക്കാവശ്യമായ എല്ലാവസ്തുക്കളും മുള ഉപയോഗിച്ച് നിർമ്മിക്കാൻ സാധിക്കുമെന്ന് തെളിയിക്കുകയാണ് ഈ സ്ഥാപനം.100 രൂപയിൽ തുടങ്ങുന്ന പുട്ടുകുറ്റി മുതൽ 1500 രൂപവരെ ചെലവുള്ള കസേര,സെറ്റി,കട്ടിൽ,ഡൈനിംഗ് ടേബിൾ,ടീപോയ് മുതലായ സാധന സാമഗ്രികൾ ഇവിടെ പ്രദർശനത്തിനായ് വെച്ചിരിക്കുന്നു. കേരളത്തിലെത്തുന്ന വിദേശികളെ ആകർഷിക്കാനായ് റിസോർട്ട്,ഹൗസ് ബോട്ടുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനുവേണ്ടിയാണ് കുടുതൽ ഓർഡറുകളും വരുന്നതെന്ന് ശ്രീ.ചെറിയാക്കു പറഞ്ഞു.മുളകൊണ്ടുള്ള ഒരു വീട് നിർമ്മിക്കുന്നതിന് ഒന്ന് മുതൽ രണ്ട് മാസം വരെ കാലതാമസം എടുക്കുകയുള്ളു എന്നും സ്ഥലത്തിന്റെയും നിർമ്മാണരീതിയുടെയും അടിസ്ഥാനത്തിൽ നിർമ്മാണചിലവിൽ ഏറ്റകുറച്ചിലുകൾ ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിചേർത്തു.



"A teacher can never truly teach unless he is still learning himself. A lamp can never light another lamp unless it continues to burn its own flame. The teacher who has come to the end of his subject, who has no living traffic with his knowledge but merely repeats his lessons to his students, can only load their minds, he cannot quicken them........"

**Rabindranath Tagore**

"Do not believe in anything simply because you have heard it. Do not believe in anything simply because it is spoken and rumored by many. Do not believe in anything simply because it is found written in your religious books. Do not believe in anything merely on the authority of your teachers and elders. Do not believe in traditions because they have been handed down for many generations. But after observation and analysis, when you find that anything agrees with reason and is conductive to the good and benefit of one and all, then accept it and live up to it."

**Buddha**



# Learning from WITHIN

**PEREIRA DAPHNE FRANCIS**

(The content of this interview are confidential so the names and photographs of the reputed persons are hidden from being public)



This is an interview of a family who had been settled and working in Dubai for the last 15 years and they have returned back to their hometown (Kerala) for the last 8 months and have started ,living a very simple life with limited facilities after giving 15 years of service in Dubai. There are four members in the family Mr. Ebin (Husband), Mrs. Anju (wife), Miss Anu (Daughter), Master Aaron (son). The parents don't send their children to school, but they prefer giving homeschooling. But They went to school while they were residing in Dubai. Now they believe that children go to school just because their parents tell them but they don't have any knowledge about their purpose of going to school . The family have took up new challenges and they have decided to live in a house which they themselves are building . Through research they are trying to figure out about education.

__Excerpts:__

**Why such change of mind? or what made you feel to give your children homeschooling?**

Its not turely a change but realizing the truth, we were leading a normal life and going in a flow , until my son Aaron was diagnosed with Asthma. Like every parents we too got tensed and we soon approached the doctor in Dubai. The doctor inquired if anyone in the family had had Asthma before? I answered my daughter has asthma and the doctor replied it might be a hereditary problem. Later instead of taking medications , I thought of working on our own research on medicines. We stopped giving milk, ate only home cooked food and moved on to vegetables. Surprisingly at 11 age he is having no asthma. In fact he never had asthma, but if he had taken the prescribed medications he would have got asthma. (Tensed) This made fear about doctor and health and we started challenging everything. After coming back to India, we realized that many generations have not gone to school but yet have jobs and enough money to fill their stomach. After this incident we started challenging estabilished beliefs in the society . We never paused to think that, from where these challenges come from.

**Do you think home schooling will give them enough education?**

(Smiling) Actually we don't call this homeschooling. But we have just taken them out of the education system. They are just not learning from us, but they are getting knowledge and pursuing or learning new things from nature, travelling to different places, reading books, watching video online etc. According to Mr. Ebin, "friends help me to grow up but none are with me and later on only few stay connected." As such Anu still chats and talks to her friends.

**Do you think keeping away from friends and other school mates they will be able to mingle with the society in future?**

School just creates an opportunity to mingle with limited people and limited friends but by travelling to different places and different culture gives a chance to meet and mingle with different people and different culture.

**What new things would homeschooling and travelling teach?**

School teaches only about education, but homeschooling teaches what life is. My son (Aaron) and I recently went out of town to Rajasthan and attended two workshops. In one, he learnt how to play the flute and the other workshop he learnt preparing for a theater session. Then from there we headed over to Tamil Nadu and there we learnt "Natural building'' . That is, how to build a house using natural equipments and now being so young he knows how to built a house and that's what we are currently doing. My daughter (Anu) designs and stitches her own dresses and read books and learns new things with the help of YouTube. She tries to figure out about education. We believe in just one saying " There is no need to be in a hurry; go slow as, slow and steady wins the race."

# നിലനിൽക്കണം മായാത്ത ഓർമകൾതൻ മനസ്സിൽ

## നിറവ് 2k17 ആഘോഷിച്ചു

**ഡോണ മരിയ ജോർജ്**



സന്തോഷ്സി.പി

അങ്കമാലി : ഡിപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ ബിരുദ വിദ്യാർത്ഥികളുടെ വിടവാങ്ങൽ ചടങ്ങ് നിറവ് 2k17, 22 ശനിയാഴ്ച്ച ഡിപോൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. 9.30ന് ആരംഭിച്ച ചടങ്ങ് വിൻസെൻഷ്യൻ സഭാംഗം ഫാ.ജോർജ് പുത്തൻത്തറയിൽ ഉദ്ഘാടനം ചെയ്തു.തുടർന്ന് പരിപാടിയിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികൾക്കും അദ്ദേഹം ഭാവുകങ്ങൾ നേർന്നു. ബി.കോം,ബി.സി.എ,ബി.എ.മൾട്ടിമീഡിയ,ബി.എ.ആനിമേഷൻ,ഇ.സി.ജെ തുടങ്ങിയ വിഭാഗങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു.വിദ്യാർത്ഥികൾക്ക് ഓർമകൾ പങ്കുവെയ്ക്കുവാനുള്ള അവസരവും ഒരുക്കിയിരുന്നു.ജൂനിയർ വിദ്യാർത്ഥികളുടെ കലാപരിപാടികൾ ചടങ്ങിനു മാറ്റു കൂട്ടി. പോയവർഷത്തെ മികച്ച വിദ്യാർത്ഥികൾക്കുള്ള പുരസ്കാരങ്ങൾ അതത് വിഭാഗങ്ങളുടെ മേധാവികൾ വിതരണം ചെയ്തു.വൈസ് പ്രിൻസിപ്പൽ.ഫാ.സമീർ മകാൻ സ്വാഗത പ്രസംഗം നടത്തി.കോളേജ് പ്രിൻസിപ്പൽ.ഫാ.ഡോ.ജെംയിംസ് ചേലപ്പുറത്ത് വിദ്യാർത്ഥികൾക്കുള്ള സന്ദേശം കൈമാറി.കോളേജ് പ്രിൻസിപ്പൽ.ഫാ.ഡോ.ജെംയിംസ് ചേലപ്പുറത്ത്,കോഴ്സ് കോർഡിനേറ്റർ.ഫാ.റോബിൻ ചിറ്റുപറമ്പിൽ,മീഡിയ വിഭാഗം മേധാവി ഡോ.നിർമ്മൽ ജേക്കബ്,മീഡിയ വിഭാഗം കംമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി.പ്രൊഫ.അമ്പിളി പ്രമിത,സോഷ്യൽ വർക്ക് വിഭാഗം മേധാവി.ഫാ.ഡോ.നോർവി വിതയത്തിൽ,കൊമേഴസ് വിഭാഗം മേധാവി. പ്രൊഫ.അനോഷ് പോൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# പഴമയുടെ ഓർമകളിൽ കോടനാട് ആനവളർത്തൽ കേന്ദ്രം

കോടനാട്: കോടനാട് ആനവളർത്തൽ കേന്ദ്രം പഴമയുടെ ഓർമകളിൽ ഇന്നും നിലനിൽക്കുന്നു. കേരളത്തിലെ ഏക ആനവളർത്തൽ കേന്ദ്രം കൂടിയാണിത്. പെരുമ്പാവൂരിനു സമീപം വല്ലം എന്ന പ്രദേശത്ത് നിന്ന് കോടനാട് ആനവളർത്തൽ കേന്ദ്രത്തിലേയ്ക്ക് എത്താനാകും. പ്രദേശം കൂടിയാണിത്. ഗ്രാമീണഭംഗി വിളിച്ചോതുന്ന പ്രദേശങ്ങളും വനത്തിന്റെ മനോഹാരിതയും നമുക്കിവിടെ കാണാനാകും. വനമേഖലയുടെ കീഴിൽ വരുന്ന പ്രദേശമാണിവിടെയേറെയും. അതിനാൽ തന്നെ പ്രത്യേക അനുമതിയില്ലാതെ വിനോദസഞ്ചാരികൾക്ക്



കാടുകളിൽ നിന്ന് കൂട്ടം തെറ്റിപ്പോകുന്ന ആനകളെ കണ്ടെത്തി ശരിയായ വിധം പരിശീലിപ്പിക്കുന്ന കേന്ദ്രമാണിത്. ഈ ആനപരിശീലനകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ട് എഴുപതിലേറെ വർഷങ്ങളായി. ആനക്കൂട്ടിൽ വെച്ചാണ് ആനകളെ പരിശീലിപ്പിക്കുന്നത്. കഴിവും പരിശീലനവും തെളിയിച്ച ആനപ്പാപ്പാൻമാരാണ് ആനകളെ മെരുക്കുന്നത്. വിനോദസഞ്ചാരികൾക്കേറെ പ്രിയപ്പെട്ട പ്രവേശനം ലഭ്യമല്ല. വർഷങ്ങൾ പഴക്കം ചെന്ന ആനവളർത്തൽ കേന്ദ്രമായതിനാൽ, നാട്ടുകാർ ചേർന്ന് മ്യൂസിയം എന്ന പേരിൽ ചരിത്രം നിലനിർത്താനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും ഇതുവരെ യാതൊരുവിധ നടപടിയും അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല.

**മഞ്ജുഷ പി.കെ**

# ശങ്കരോത്സവം ആഘോഷിച്ചു





കാലടി: ഭാരതത്തിന്റെ അഭിമാനമായ എക്കാലത്തെയും മികച്ച തത്ത്വജ്ഞാനിയായ ശ്രീ ശങ്കരചാര്യരുടെ ജയന്തി ദിനം ശങ്കരോത്സവമായി ആദിശങ്കര ജന്മദേശ വികസനസമിതി കൊണ്ടാടി.തത്ത്വജ്ഞാനി ദിനാചരണം,കേന്ദ്രരക്ഷാസമിതി ഡോ.സുഭാഷ്റാവു ഭാംറോജി ഉദ്ഘാടനം ചെയ്തു.

ഈ വർഷത്തെ ശങ്കരജയന്തി സന്ദേശം ബേലൂർ മഠത്തിലെ സന്യാസിയായ സുപ്രാനന്ദ സ്വാമി നൽകി. ശ്രീരാമകൃഷ്ണപരമഹംസൻ,സ്വാമിവിവേകാന്ദൻ തുടങ്ങിയ ആധുനിക കാലത്തെ അദ്ധ്യാത്മിക ആചാര്യൻമാരുടെയും പ്രചോദന കേന്ദ്രമാണ് ഇദ്ദേഹം.അനേകം സംസ്കൃത ഗ്രന്ഥങ്ങളും കർണ്ണാടക സംഗീതകൃതികളും രചിച്ചിട്ടുണ്ട്.ശ്രീശങ്കരാചാര്യർ ശ്രീബുദ്ധനു ശേഷം ലോകം കണ്ട ഏറ്റവും വലിയ ഭാരത തത്ത്വജ്ഞാനിയാണ്.

ഏപ്രിൽ 30ന് പറവൂരിലെ നമ്പൂരിയച്ചനാലിന് സമീപത്തു നിന്നും കാലടി ശ്രീശങ്കര സന്നിധിയിലേക്ക് പദയാത്രയുണ്ടായിരുന്നു. സർവജ്ഞപീഠം സ്വന്തമാക്കിയ ശങ്കരാചാര്യർ അദ്വൈത സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്,ഹിന്ദുമതത്തിന്റെ നവോത്ഥാന നായകൻ എന്നീ നിലകളിൽ പ്രസിദ്ധനാണ്.പുരി,ദ്വാരക,ബദരി,ശൃംഗേരി എന്നിവിടങ്ങളിൽ ഭാരതത്തിന്റെ ആധ്യാത്മിക രക്ഷക്കായി ആശ്രമങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തത്ത്വജ്ഞാനി ദിനാചരണം,ഭൂമിവന്ദനം,മഹാസ്നാനം,സന്യാസി സംഗമം എന്നിങ്ങനെയുള്ള വിവിധ പരിപാടികൾ അതേ ദിവസം നടന്നു.

**ഗൗതം ടി.എസ്**

> **"You never identify yourself with the shadows cast by your body, or with its reflection, or with the body you see in a dream or in your imagination. Therefore you should not identify yourself with this living body either"**
>
> **Adhi Sankaracharya**

# വ്യവസായ സംരംഭങ്ങൾ പ്രകൃതിയ്ക്ക് വെല്ലുവിളിയോ?

ചമ്പന്നൂർ : അങ്കമാലി - ചമ്പന്നൂർ റൂട്ടിൽ വർദ്ധിച്ചു വരുന്ന വ്യവസായ സംരംഭങ്ങൾ പരിസ്ഥിതിക്ക് ഭീഷണി ഉയർത്തുന്നു. ഒട്ടനവധി ആളുകൾ താമസിക്കുന്ന ഇവിടെ ഒരു സുരക്ഷാമാർഗവും സ്വീകരിക്കാതെയാണ് വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നത് . ഇവിടുന്നു പുറന്തള്ളുന്ന പുക , പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ , മലിന ജലം തുടങ്ങിയവ പ്രകൃതിയുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചു കൊണ്ടിരിക്കുകയാണ്. ചമ്പന്നൂരിന്റെ വായുവിനെയും ജലത്തെയും മണ്ണിനെയും മലിനമാക്കുന്ന കമ്പനികൾ അടച്ചുപ്പൂട്ടണമെന്ന ആവശ്യവുമായി പ്രദേശവാസികൾ മുന്നോട്ടു വന്നെങ്കിലും ഇതിനെതിരെ ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല . വികസനത്തിന്റെ പേരിൽ വേണ്ടവിധത്തിൽ ഒരു സുരക്ഷയും ഇല്ലാതെ കമ്പനികൾ പ്രവർത്തിക്കുമ്പോൾ അധികൃതർ ഇതൊന്നും കണ്ടില്ലന്നു നടിക്കുകയാണ് .



കടപ്പാട് : ഇന്റർനെറ്റ്

പ്രകൃതിയുടെ സന്തുലിതാവസ്ഥക്കു ഭീഷണി ഉയർത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി ഉടനെ ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് പ്രദേശവാസികൾ.

**ഡോണ മരിയ ജോർജ്**

# കാടിറങ്ങി കാട്ടാനക്കൂട്ടം



കടപ്പാട് : ഇന്റർനെറ്റ്

അയ്യംമ്പുഴ:അയ്യംമ്പുഴ പ്ലാന്റേഷനിൽ കാട്ടാന ശല്യംരൂക്ഷം. വേനൽ കടുത്തതോടെ മലയിറങ്ങിവരുന്ന കാട്ടാനക്കൂട്ടങ്ങളാണ് ജനങ്ങളെ ഭീതിയിലാഴ്ത്തുന്നത്.ചിലപ്പോഴെങ്കിലും അക്രമാസക്തരാവുന്ന ഇവ വീടും കൃഷി ഇടങ്ങളുമുൾപ്പെടെ ജനങ്ങളുടെ ജീവനും സമ്പത്തിനും ഭീഷണിയാവുന്നുണ്ട്. വേനലായതിനാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കാട്ടാന ശല്യംകൂടിയിട്ടുണ്ട് എന്നാണ് പ്രദേശവാസികൾ പറയുന്നത്.പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള വിദ്യാലയവും ആശുപത്രിയും ഉൾപ്പെടെ നിരവധി സ്ഥാപനങ്ങളാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്.ഇവയെല്ലാം ഏതു നിമിഷവും ഉണ്ടായേക്കാവുന്ന കാട്ടാന ആക്രമണത്തിന്റെ ഭീതിയിലാണ്. പലപ്പോഴും റോഡിൽ തമ്പടിക്കുന്ന ആനക്കൂട്ടം ഗതാഗത പ്രശ്നങ്ങളും സൃഷ്ടിക്കാറുണ്ട്.തീ കൂട്ടിയും പടക്കം പൊട്ടിച്ചുമാണ് നാട്ടുകാർ ഇവയെ വിരട്ടി ഓടിക്കാറുള്ളത്. കാട്ടാനയെ കൂടാതെ പുലി, ചെന്നായ, പോത്ത് തുടങ്ങിയ വന്യമൃഗങ്ങളും ഇവിടെ ഭീകരാന്തരീക്ഷം സൃഷ്ടിക്കാറുണ്ട്. കാടുവിട്ടിറങ്ങുന്ന ഇവ വളർത്തുമൃഗങ്ങളെ ആക്രമിക്കുന്നതും പതിവാണ്.നാടിന്റെ ഈ ദുരവസ്ഥ പലതവണ അധികാരികളെ അറിയിച്ചുവെങ്കിലും യാതൊരു നടപടികളും സ്വീകരിക്കാത്തത് ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്നു.

**നിത വർഗ്ഗീസ്**

# TAKE OFF

**ആൽവിൻ ജേക്കബ്**

ജീവിതാനുഭവങ്ങളിൽ നിന്നുള്ള കഥകൾക്ക് മലയാള സിനിമയിൽ ഇന്നൊരു പ്രാമുഖ്യം ലഭിച്ചിട്ടുണ്ട് . ഈ അടുത്ത കാലത്ത് സാമ്പത്തികമായി വിജയിച്ച ജേക്കബ്ബിന്റെ സ്വർഗ്ഗരാജ്യം, എന്ന് നിന്റെ മൊയ്തീൻ എന്നീ ചലച്ചിത്രങ്ങളിൽ നമുക്കിത് നിരീക്ഷിക്കാൻ സാധിക്കും. ഈ സിനിമയിലേക്ക് കടക്കും മുമ്പ് രാജേഷ്പി ള്ള എന്ന സംവിധായകനെ ഓർത്തെടുക്കുന്നത് നന്നായിരിക്കും. ട്രാഫിക് എന്ന അത്ഭുത ചിത്രത്തിലൂടെ മലയാള സിനി മാ വ്യവസായത്തിനും ചലച്ചിത്രാസ്വാദനത്തിനും ഒരു പുതിയ പന്ഥാവ് വെട്ടി തുറന്ന സംവിധായകനാണ് രാജേഷ്പിള്ള . അദ്ദേഹത്തിന്റെ ചലച്ചിത്രസംവിധാന രീതി,ഒരു സ്കൂളായി എടുത്താൽ ആ സ്കൂളിൽ നിന്നുള്ള ചലച്ചിത്രകാവ്യബിംബമാണ്'Take Off '

മൂലധനാധിഷ്ഠിത സാമ്പത്തിക വ്യവസ്ഥയിൽ കച്ചവടവത്ക്കരിക്കപ്പെട്ട ആരോഗ്യ വിദ്യാഭ്യാസം അതിന്റെ ഇരകളിൽ ഏൽപ്പിക്കുന്ന ആഘാതം എത്ര തീവ്രമാണ് എന്ന് ഈ ചലച്ചിത്രം കണ്ടിറങ്ങുന്ന ഓരോ പ്രേക്ഷകനും ചിന്തിക്കും. ഒരു വിദേശ നേഴ്സിങ്ങ് തൊഴിൽ ദാതാക്കളുടെ തൊഴിൽ അന്വേഷകരുമായുള്ള മുഖാമുഖമാണ് ആദ്യ ദൃശ്യത്തിൽ നാം കാണുക .സമീറ എന്ന പാർവ്വതി അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ സർട്ടിഫിക്കറ്റ് മറന്നുവെയ്ക്കുന്നിടത്തു തന്നെ ഒരു ദുരന്തഛായ ചലച്ചിത്രത്തിന് തുടക്കത്തിലേ നൽകാൻ തിരക്കഥാകൃത്ത് ശ്രമിച്ചിട്ടുണ്ട്.സ്വപ്നങ്ങളിലേക്ക് പറന്നുയരുന്ന ആരോഗ്യ ശുശ്രൂഷകരുടെ ഇറാഖ് യാത്രയാണ് ചലച്ചിത്രം പിന്നീട് നമുക്ക് മുമ്പിൽ നിരത്തി വെക്കുക .ഇതിനുമുമ്പ് ഫൈസൽ എന്ന തന്റെ പങ്കാളിമായുള്ള ബന്ധം സമീറ വേർപ്പെടുത്തി ഷാഹിദ് എന്ന കുഞ്ചാക്കോ ബോബൻ അവതരിപ്പിക്കുന്ന കഥാപാത്രത്തെ വിവാഹം ചെയ്യുന്നു.അതിനുശേഷം സമീറ ഗർഭവതിയാകുന്നതും, ആദ്യ ശിശുവിനെപറ്റിയുള്ള സമീറയുടെ ഉത്കണ്ഠകളുമെല്ലാം തികഞ്ഞ കൈയൊതുക്കത്തോടെ തിരകഥാകൃത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തം മകനെ എന്നെന്നേക്കുമായി ഉപേക്ഷിച്ചുപോകുന്ന ഫൈസൽ എന്ന ആസിഫ് അലി അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ രംഗപ്രവേശനവും അത് ഷാഹിദ്, സമീറ ദമ്പതിമാരിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളോടും കൂടി ചലച്ചിത്രത്തിന്റെ ആദ്യപകുതി സമാപിക്കുന്നു.

പ്രതിസന്ധികളിൽ നിന്ന് കൂടുതൽ തീവ്രമായ പ്രതിസന്ധികളിലേക്ക് എന്ന ക്ലാസ്സിക്കൽ തിരക്കഥാ രീതിയണ് തുടർന്നുള്ള ചലച്ചിത്രത്തിൽ നിന്നും കണ്ടാസ്വാദിക്കുക. ഷാഹിദിനെ കാണാതാകുന്നതും , സമീറയും ഷാഹിദും ജോലി ചെയ്യുന്ന ആശുപത്രി ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികളുടെ പിടിയിലാകുന്നതുമെല്ലാം അതിന്റെ ഉദാഹരണങ്ങളാണ്. ഈ സമയങ്ങളിലെല്ലാമുള്ള ഗ്രാഫിക്സ് ,വിഷ്വൽ ഇഫ്ക്ട്സ്,സൗണ്ട് എൻജിനീയറിങ്ങ് എന്നിവയെല്ലാം വളരെ ശ്രദ്ധിക്കേണ്ടതാണ്. ഈ സമയത്താണ് ഫഹദ് ഫാസിൽ എംബസി ഡയറക്ടറുടെ ശക്തമായ വേഷവുമായി രംഗപ്രവേശനം ചെയ്യുന്നത് .തുടർന്ന് ചലച്ചിത്രകഥയുടെ നെടുനായകത്വം എംബസി ഡയറക്റുടെ കയ്യിൽ തിരക്കഥാകൃത്ത് ഏൽപ്പിക്കുന്നു. റെഡ്ക്രോസിന്റെ വണ്ടിയിൽ നേഴ്സുമാരെ പറഞ്ഞയക്കാതിരുക്കുന്നതും എല്ലാ നേഴ്സുമാരെയും ഇസ്ലാമിക നിസ്ക്കാരക്രമം പഠിപ്പിക്കുന്നതുമെല്ലാം എംബിസി ഡയറക്ടറുടെ ബുദ്ധിയിൽ വിരിഞ്ഞ ചിന്തകളാണ്. എംബിസി ഡയറക്ടർ എന്ന ഫഹദ് ഫാസിൽ അവതരിപ്പിക്കുന്ന കഥാപാത്രം നേഴ്സുമാർക്കായുള്ള ഇറാഖ് രക്ഷാദൗത്യത്തിനായി തന്റെ ജീവിതം മുഴുവൻ ഒഴിഞ്ഞു വെയ്ക്കുന്ന ഒരു ത്യാഗിയെ പോലെയാണ് . നേഴ്സുമാർ എങ്ങനെ രക്ഷപ്പെടും എന്ന ചിന്തയാണ് തുടർന്ന് പ്രേക്ഷക മനസ്സിനെ ചലച്ചിത്രത്തിലൂടനീളം മഥിക്കുന്നത്.യുദ്ധരംഗങ്ങളുടെ ഭയാനകത,സാമ്രാജ്യത്വ ഭരണകൂട നടപടികളുടെ ഫലമായുണ്ടാക്കുന്ന തീവ്രവാദത്തിന്റെ ഭീകരത, ആരോഗ്യ ശുശ്രൂഷ രംഗത്തിന്റെ പ്രാഗത്ഭ്യം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ പ്രേക്ഷകന് ദൃശ്യാനുഭവം നൽകുന്നതിൽ ഈ ചലച്ചിത്രം വളരെ ഏറെ വിജയച്ചിട്ടുണ്ട്. ഒരു ആനചന്തതേക്കാൾ ഉപരി, വ്രണപ്പെടുത്തുന്ന വികാരങ്ങൾ നൽകുന്ന കാലുഷ്യവും ശുഭസമാപ്തി നൽകുന്ന സാന്ത്വനവും ഈ ചലച്ചിത്രം കണ്ടിറങ്ങുന്നവർ എന്നും ഓർത്തിരിക്കും.




കടപ്പാട്: ഇന്റർനെറ്റ്

Chief Editor:- Dr. Nirmal Jacob| Faculty Editors:- Fr. Robin Chittuparambil | Anuja Das | Jubbi Francis | Maria Paul | Rakhi Krishna| Layout and Design Faculty:- Premod .P. Sankar| Editorial team- Nitha Varghese | Tocin Tom | Manjusha P.K | Reporters- Dona Maria George | Daphne Pereira. F. | Sivanand C.V | Alwin Jacob | Gautham T.S.